"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്- കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്- ജീവനക്കാര്യം- ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ അക്കൗണ്ട്സ് ഓഫീസർ തസ്തിക- ഗവൺമെന്റ് സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ, ശ്രീ. കിരൺ ആർ.-നെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**3/2026/LBR** തീയതി,തിരുവനന്തപുരം, **01-01-2026**

---

പരാമർശം:-
1. **10/05/2013**-ലെ **42/2013**/ധന നമ്പർ സർക്കുലർ.
2. **17/05/2025**-ലെ സ.ഉ.(സാധാ) നമ്പർ **602/2025**/തൊഴിൽ.
3. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ **28/11/2025**-ലെ **TWWFB-CE0/232/2025-B1** നമ്പർ കത്ത്.

**ഉത്തരവ്**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ സൂചന **(2)** പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് സേവനമനുഷ്ഠിച്ചുവന്ന ധനകാര്യ വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ, ശ്രീ. അഖിലേഷൻ ജി.ആർ.-ന് മാതൃവകുപ്പിൽ അണ്ടർ സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ബോർഡിലുണ്ടായ ഒഴിവിൽ , നിലവിൽ പി.ഡബ്ല്യു.ഡി. (റോഡ്സ് & ബ്രിഡ്ജസ്) ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഫിനാൻഷ്യൽ അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിച്ചുവരുന്ന, ഗവൺമെന്റ് സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിലെ അക്കൗണ്ട്സ് ഓഫീസറായ ശ്രീ. കിരൺ ആർ.-നെ **(PEN-471664)**, അന്യത്ര സേവന നിയമനം സംബന്ധിച്ച നിലവിലെ ചട്ടങ്ങൾക്കും പരാമർശം **(1)** സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി, അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**2.** കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള നിയമന ഉത്തരവ് ലഭിച്ചതിനു ശേഷം മാത്രമേ ശ്രീ. കിരൺ ആർ.-നെ ടിയാൻ നിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന പി.ഡബ്ല്യു.ഡി. (റോഡ്സ് & ബ്രിഡ്ജസ്) ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും വിടുതൽ ചെയ്യുവാൻ പാടുള്ളൂ. കെ.എസ്.ആർ. ഭാഗം **I**, ചട്ടം **144** പ്രകാരമുള്ള ടിയാളുടെ സ്റ്റേറ്റ്മെന്റ് മാതൃവകുപ്പ് നേരിട്ട് പ്രിൻസിപ്പൽ

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരത്തിന് യഥാവിധി പൂരിപ്പിച്ചു നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമ്യാ കുമാരി എൽ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. (റോഡ്സ് & ബ്രിഡ്ജസ്), ദക്ഷിണ മേഖല, തിരുവനന്തപുരം.
ധനകാര്യ (ഭരണം-എ) വകുപ്പ് (04/12/2025-ലെ 1085652/ഭരണം-എ2/51/2019-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം).
ശ്രീ. കിരൺ ആർ., അക്കൗണ്ട്സ് ഓഫീസർ, ധനകാര്യ വകുപ്പ് [പി.ഡബ്ല്യു.ഡി. (റോഡ്സ് & ബ്രിഡ്ജസ്) ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ മുഖാന്തരം].
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. LBRD-H1/210/2025-LBRD).

ഉത്തരവിൻ പ്രകാരം
Signed by
Abhilash R P
Date: 01-01-2026 15:38:43
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.
തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്.